നം. എൻ3/34036/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 22/07/2017
Phone: 0471-2328438
**Email : scholarshipdpi@gmail.com**

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - നാഷണൽ സ്കീം ഓഫ് ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ 2017-18 അർഹരായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ഗവൺമെന്റ് ഓഫ് ഇന്ത്യ കത്ത് നം. 8-2/2017-എസ്.എസ്. തീയതി 07/07/2017

2008-09 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി 'ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ' എന്ന പേരിൽ ഒരു സ്കോളർഷിപ്പ് കേന്ദ്രസർക്കാർ (MHRD) നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2017-18 അധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്നവരും 16 വയസ്സ് പൂർത്തിയാക്കാത്തവരുമായ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹത. പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളിലും കേന്ദ്ര ഗവൺമെന്റ് സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, ആധാർ നമ്പർ, എ.പി.എൽ/ബി.പി.എൽ എന്നിവ ഉൾപ്പടെ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും www.scholarship.itschool.gov. in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് അതാത് സ്കൂളിലെ പ്രധാനാധ്യാപകരോ, അദ്ദേഹം ചുമതലപ്പെടുത്തുന്നവരോ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി'സമ്പൂർണ്ണ'യ്ക്ക് വേണ്ടി നൽകിയിട്ടുള്ള User name, Password ഉപയോഗിക്കാവുന്നതാണ്. **കുട്ടികളുടെ ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി നിർബന്ധമായും ലിങ്ക് ചെയ്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല.**

**ജൂലൈ 31 വരെ** വിവരങ്ങൾ ഐ.ടി.@ സ്കൂൾ വെബ്സൈറ്റിൽ രേഖപ്പെടുത്താവുന്നതാണ്. വെബ്സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിച്ചുകഴിഞ്ഞാൽ ഏതെങ്കിലും വിവരങ്ങൾ തിരുത്തുവാനോ, കൂട്ടിച്ചേർക്കാനോ സാധിക്കുകയില്ല.

അർഹരായ എല്ലാ കുട്ടികളുടെയും വിവരങ്ങൾ പൂർണ്ണമായും ലഭിച്ചതിനുശേഷം കൺസോളിഡേറ്റഡ് ലിസ്റ്റ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി) മുഖേന കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് നൽകുകയാണ് ചെയ്യുന്നത്. അർഹരായ കുട്ടികൾ പത്താം ക്ലാസ് വിജയിക്കുമ്പോൾ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ 3000/- (മൂവായിരം രൂപ മാത്രം) നിക്ഷേപിക്കുന്നതും 18 വയസ്സ് പൂർത്തിയാകുന്ന മുറക്ക് ടി തുക പലിശയോടൊപ്പം ബാങ്കിൽ നിന്ന് ലഭിക്കുന്നതുമാണ്.

(മറുപുറം)

പ്രഥമാധ്യാപകർ രേഖപ്പെടുത്തിയ കുട്ടികളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് പരിശോധിക്കുന്നതിനുള്ള ക്രമീകരണം ഐ.ടി.@സ്കൂൾ വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിനായി 'സമ്പൂർണ്ണയ്ക്ക് ' വേണ്ടി നൽകിയിട്ടുള്ള User name, Password എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്.

**ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

- വെബ്സൈറ്റിൽ പ്രവേശിച്ചതിനുശേഷം അർഹരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് കാണാവുന്നതാണ്. ടി ലിസ്റ്റിൽ അർഹരായ കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.
- സമയപരിധിക്കുള്ളിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി പ്രാധാനാധ്യാപകർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
- പ്രധാനാദ്ധ്യാപകർ അർഹരായ മുഴുവൻ കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം കുട്ടികളുടെ ലിസ്റ്റിന്റെ പ്രിന്റ് എടുത്ത് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**